**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2603** **17-03-2022 - ൽ മറുപടിയ്ക്ക്**

**ഗ്വാളിയോർ റയോൺസ് ഭൂമി തിരിച്ചെടുക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | null<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | മാവൂർ ഗ്വാളിയോർ റയോൺസിന്റെ കൈവശമുള്ള സർക്കാർ ഭൂമി തിരിച്ചെടുക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (എ) | മാവൂർ ഗ്വാളിയോർ റയോൺസിന്റെ കൈവശമുള്ള ഭൂമി തിരികെ ഏറ്റെടുക്കുന്നതിനും, ഇൻഡസ്ട്രിയൽ പാർക്ക് തുടങ്ങുന്നതിന് കിൻഫ്രയ്ക്ക് അനുവദിക്കുന്നതിനുമാണ് 10/10/2017-ലെ G.O.(Ms)97/2017/ID പ്രകാരം ഉത്തരവായിരുന്നത്. എന്നാൽ ടി സർക്കാർ ഉത്തരവിനെതിരെ മാവൂർ ഗ്വാളിയോർ റയോൺസ് കമ്പനി ബഹു.ഹൈക്കോടതി മുൻപാകെ WP(C)33103/2017 ആയി റിട്ട് ഹർജി ബോധിപ്പിക്കുകയും, പ്രസ്തുത ഉത്തരവിൻമേൽ ബഹു.ഹൈക്കോടതി സ്റ്റേ ഓർഡർ പുറപ്പെടുവിച്ചതിനാൽ ഭൂമി തിരികെ ഏറ്റെടുക്കാൻ സാധിച്ചിട്ടില്ല. നിലവിൽ കേസ് ബഹു.ഹൈക്കോടതിയുടെ പരിഗണനയിലാണ്. |
| (ബി) | ഗ്വാളിയോർ റയോൺസിന് സ്വന്തമായി വാങ്ങിയ ഭൂമി കൃഷി ഭൂമിയായതിനാൽ ഭൂപരിഷ്കരണ നിയമമനുസരിച്ച് ഏറ്റെടുക്കുന്നത് സംബന്ധിച്ച വിഷയം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | ഭൂപരിഷ്കരണ നിയമമനുസരിച്ച് ഏറ്റെടുക്കുന്നത് സംബന്ധിച്ച വിഷയം പരിശോധിച്ചിട്ടില്ല |
| (സി) | ഗ്വാളിയോർ റയോൺസിന് സർക്കാർ അക്വയർ ചെയ്ത് കൊടുത്ത സ്ഥലം ഉദ്ദേശിച്ച ആവശ്യത്തിന് ഉപയോഗിക്കാൻ തയ്യാറാവാത്ത സാഹചര്യത്തിൽ ഹൈക്കോടതിയിലുള്ള കേസ് വേഗത്തിൽ തീർപ്പാക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; | (സി) | ഹൈക്കോടതിയിലുള്ള കേസ് വേഗത്തിൽ തീർപ്പാക്കുന്നതിനു വേണ്ടി അഡ്വക്കറ്റ് ജനറലിന് അപേക്ഷ നൽകി കേസ് വേഗത്തിൽ തീർപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) | ഗ്വാളിയോർ റയോൺസ് ഭൂമി കോഴിക്കോട് കോമൺവെൽത്ത് കമ്പനിയുടെ മാതൃകയിൽ ഏറ്റെടുക്കാൻ നിയമ നിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ? | (ഡി) | നിലവിൽ കേസ് ബഹു.ഹൈക്കോടതിയുടെ പരിഗണനയിലായതിനാൽ നിലവിൽ ഇത്തരമൊരു നിർദ്ദേശം പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ